**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ക്രൈം കേസ് നമ്പർ 2212/16 -ഗുരുവായൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 22/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം,04/01/2017.

പരാമർശം - 1. ഗുരുവായൂർ പോലീസ് ഇൻസ്പെക്ടറുടെ 360/TDR/CI-D/2016 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 24/12/2016 തീയതിയിലെ വി3-29084/16 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി 376(1)-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം 2212/16 നമ്പർ കേസിന്റെ അടിസ്ഥാനത്തിൽ ടിയാനെ 19/12/2016 തീയതിയിൽ അറസ്റ്റ് ചെയ്ത് ചാവക്കാട് ജെ.എഫ്.സി.എം കോടതിയിൽ ഹാജരാക്കുകയും ബഹു. കോടതി ടിയാനെ റിമാന്റ് ചെയ്ത് ആർ.പി. നം. 3324 പ്രകാരം ജുഡിഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുള്ളതുമാണെന്ന വിവരം നഗരകാര്യ ഡയറക്ടർ രണ്ടാം പരാമർശിത കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചു.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(3) പ്രകാരം നഗരസഭാ സെക്രട്ടറിയായ ശ്രീ.രഘുരാമനെ 20.12.2016 മുതൽ മുൻകാലപ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സസ്പെൻഷൻകാലത്ത് ടിയാന് Kerala Service Rules Part I ചട്ടം 55 പ്രകാരമുള്ള subsistance allowance ന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ.ജോസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരളാ സ്റ്റേറ്റ് ലോക്കൽ ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ശ്രീ. രഘുരാമൻ, മുനിസിപ്പൽ സെക്രട്ടറി ( നഗരകാര്യ ഡയറക്ടർ മുഖേന)

ചെയർമാൻ, ഗുരുവായൂർ/കോട്ടയം നഗരസഭ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ